**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3936** **27-10-2021 - ൽ മറുപടിയ്ക്ക്**

**അൽഷിമേഴ്സ് രോഗം കണ്ടെത്തലും ബോധവത്കരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ അൽഷിമേഴ്സ് (സ്മൃതിഭംഗം/ സ്മൃതിനാശം) രോഗബാധിതരായവരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | അൽഷിമേഴ്സ് രോഗ ബാധിതരുടെ ജില്ല തിരിച്ചുള്ള ലഭ്യമായ കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കേരളത്തിൽ കഴിഞ്ഞ പത്തുവർഷകാലത്ത് ഓരോ വർഷവും ഉള്ള ഇത്തരം രോഗികളുടെ എണ്ണം 20 വർഷ ഏജ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | 10 വർഷക്കാലത്ത് ഏജ് ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല. |
| (സി) | ഈ രോഗം ബാധിച്ചവരുടെ ചികിത്സക്കും പുനരധിവാസത്തിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്നു വിശദമാക്കാമോ ; | (സി) | താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലെ സൈക്യാട്രിക് ഒ.പി കളിലും ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം ക്ലിനിക്കുകളിലും ഇതിനുള്ള ചികിത്സ ലഭ്യമാണ്. അൽഷിമേഴ്സ് രോഗ ബാധിതർക്ക് ആവശ്യമായ മരുന്നുകളും DMHP ക്ലിനിക്കുകൾ വഴി (രോഗികളുടെ അടുത്തുള്ള പി.എച്ച്.സി വഴി) ലഭ്യമാക്കുന്നുണ്ട്. അൽഷിമേഴ്സ് രോഗികൾക്ക് പാലിയേറ്റീവ് കെയർ വഴിയും ചികിത്സ നൽകി വരുന്നുണ്ട്. നിലവിൽ അൽഷിമേഴ്സ് പുനരധിവാസത്തിനു വേണ്ട സംവിധാനങ്ങൾ ലഭ്യമല്ല. |
| (ഡി) | ഈ രോഗം നേരത്തെ കണ്ടെത്തുന്നതിനും രോഗത്തെ കുറിച്ചും ചികിത്സ, പുനരധിവാസ പ്രക്രിയകൾ മുതലയാവയെപ്പറ്റിയും ബോധവൽക്കരിക്കുന്നതിനും ആയതിലേക്ക് സാമൂഹിക ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പാലിയേറ്റീവ് കെയർ പരിശീലന പരിപാടികളിൽ മറവിരോഗ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പരിശീലനം നൽകി വരുന്നു. എല്ലാ വർഷവും സെപ്റ്റംബർ 21 അൽഷിമേഴ്സ് ഡേ ആയി ആചരിച്ചു വരുന്നുണ്ട്. ഇതിനോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. അതു പോലെ ആശാ വർക്കർമാരുടെ സഹായത്തോടെ സർവ്വേ നടത്തി ഇത്തരം കേസുകൾ നേരത്തെ കണ്ടെത്തി ചികിത്സ നൽകാനും ശ്രമിക്കുന്നുണ്ട്. കൂടാതെ അൽഷിമേഴ്സ് രോഗബാധിതരെ പരിചരിക്കുന്നതിനുള്ള ക്ലാസ്സുകളും ബൈസ്റ്റാൻഡേഴ്സിനു കൗൺസിലിംഗുകളും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**അൽഷിമേഴ്സ് രോഗ ബാധിതരുടെ ജില്ല തിരിച്ചുള്ള കണക്ക്**

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | കണക്ക് ലഭ്യമല്ല |
| കൊല്ലം | 27 |
| പത്തനംതിട്ട | കണക്ക് ലഭ്യമല്ല |
| ആലപ്പുഴ | 442 |
| കോട്ടയം | 116 |
| ഇടുക്കി | 82 |
| തൃശ്ശൂർ | കണക്ക് ലഭ്യമല്ല |
| പാലക്കാട് | 198 |
| മലപ്പുറം | 73 |
| കോഴിക്കോട് | 103 |
| വയനാട് | 23 |
| എറണാകുളം | 149 |
| കണ്ണൂർ | 56 |
| കാസർഗോഡ് | 25 |
| ആകെ | 1294 |

സെക്ഷൻ ഓഫീസർ